# പൊന്നരളി

കുറിഞ്ഞിമലയുടെ അടിവാരത്തിൽ,
എന്റെ കരളിൻ താഴ്‌വാരത്ത്;
കശ്മീരജം കൊണ്ടുടയാട ചുറ്റി,
പൂത്തുലയുന്ന പൊന്നരളി.

മഞ്ജുളയായ് നീ ബാല്യസ്മൃതിയിൽ,
മായാത്ത തണലായ് നിൽപൂ,
കൽപാന്തരങ്ങൾ പിന്നിട്ട ബന്ധങ്ങൾ,
പൊട്ടാത്ത ചങ്ങലക്കണ്ണികൾ.

അങ്കപാലികയായ് ആ ചാരുതതൽപം,
ശീതളമായ് കുളിരേകുമ്പോൾ;
സൗമ്യമായ് തീർന്നൂ എന്നന്തരംഗം,
നിസ്സീമമാം അർപ്പണത്തിൽ.

കാറ്റിന്റെ കൈയിൽ നീ താലോലമാടുമ്പോൾ,
നിസ്സംജ്ജമെന്നിലും ആന്ദോളനം;
പല്ലവക്കുടങ്ങളിൽ മന്ദസ്മിതം
അനിശസ്മൃതിയിലൊ ഗ്രീഷ്മം.

തഴുകാൻ കൊതിക്കുന്ന നിന്നെയെൻ മനം,
പുണരാൻ നീട്ടുന്നു പാണികളും;
കദനങ്ങളെല്ലാം ചേർത്തുനിൻ നെഞ്ചിൽ-
വിശ്രമിക്കട്ടെ ഞാനൽപനേരം.

നുരയുന്നു ഗ്രഹാതുര സ്മരണകൾ,
മനസ്സിന്റെ മണിച്ചെപ്പിലെന്നും;
അറിയുന്നു സഖീ നീ അഖിലമെന്റെ,
ലൗകീകമായ സുഖദുഃഖങ്ങൾ.

പൊഴിക്കുന്നു പൂക്കളായ് ആശംസകൾ,
ശിരസ്സിൽ നന്മയായ് എന്നുമെന്നും,
വിടചൊല്ലിടട്ടെ വിതുമ്പലോടെ,
പറയട്ടെ നന്ദി ചുംബനത്താൽ.